വി.ഇ.4-2970/09

വിജിലൻസ് ചീഫ് ഫോറസ്റ്റ്
കൺസർവേറ്ററുടെ ആഫീസ്
തിരുവനന്തപുരം . പിൻ. 695 014
ഫോൺ 0471-2321583

E-mail.ccfv@keralaforest.org
തീയതി, 27.7.2010

# സർക്കുലർ.

## നമ്പർ 10/2010

വിഷയം: വനംകൊള്ളയ്ക്ക് ഫോറസ്റ്റ് അധികൃതർ കൂട്ടുനിൽക്കുന്നതായുള്ള പരാതി - നിരാക്ഷേപപത്രം (എൻ.ഒ.സി.) നൽകുന്നത് - സംബന്ധിച്ച്.
സൂചന: സർക്കാർ കത്ത് നമ്പർ 6143/എ2/09/വനം തീയതി. 8.6.2010

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വനഭൂമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾക്ക് വനം വകുപ്പിൽ നിന്നും നിരാക്ഷേപപത്രം (എൻ.ഒ.സി.) ലഭിക്കുന്നതിന് മുമ്പ് വില്ലേജ് ആഫീസർമാർ കൈവശ സർട്ടിഫിക്കറ്റ് നൽകുന്നതായി അന്വേഷണത്തിൽ ബോധ്യപ്പെടുകയുണ്ടായി. ഇതിനെത്തുടർന്ന് വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾക്ക് വനം വകുപ്പിൽ നിന്നും എൻ.ഒ.സി. നൽകിയതിനുശേഷം മാത്രമേ കൈവശസർട്ടിഫിക്കറ്റ് നൽകാവൂ എന്ന നിർദ്ദേശം റവന്യൂ അധികാരികൾക്ക് നൽകുന്നത് അഭികാമ്യമായിരിക്കും എന്ന് ഈ ആഫീസിൽ നിന്നും സർക്കാരിന് ശുപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ശുപാർശ അംഗീകരിച്ച് നടപടി എടുത്തതായി സൂചന പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്. ടി സർക്കാർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. എന്നിരുന്നാലും എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് ചെറുകിട കർഷകർക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാക്കുന്ന സമീപനം വനം വകുപ്പുദ്യോഗസ്ഥരിൽ നിന്നും ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സൂചിപ്പിച്ച തരത്തിൽ ആശങ്ക ഉണ്ടാകുന്ന വിധത്തിലുള്ള യാതൊരു നടപടിയും വനം വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകരുത്. ഇതിന് ആവശ്യമായ മുൻകരുതലുകൾ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർ എടുക്കേണ്ടതാണ്. സർക്കിളുകളുടെ ചാർജ്ജ് വഹിക്കുന്ന കൺസർവേറ്റർ/ചീഫ് കൺസർവേറ്റർ എന്നിവരും ഇതുസംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അവയ്ക്ക് അതീവ പ്രാധാന്യം നൽകേണ്ടതും കർഷകരുടെ പരാതി പരിഹാരത്തിനുവേണ്ട അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
എല്ലാ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും
എല്ലാ റേഞ്ചാഫീസർമാർക്കും.

GOVERNMENT OF KERALA

നമ്പർ. 6143/എ2/09/വനം

വനം വന്യജീവി (എ) വകുപ്പ്
തിരുവനന്തപുരം
തീയതി. 08-06-2010.

സെക്രട്ടറി

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)
തിരുവനന്തപുരം.

സർ

വിഷയം:- വനം വന്യജീവി വകുപ്പ് - വനം കൊള്ളയ്ക്ക് ഫോറസ്റ്റ് അധികൃതർ കൂട്ടു നിൽക്കുന്നതായുള്ള പരാതി സംബന്ധിച്ച് -

സൂചന:- താങ്കളുടെ 27-04-2010 ലെ വി.ഇ. 4-2970/09 നമ്പർ കത്ത

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ ശുപാർശ സർക്കാർ അംഗീകരിക്കുകയും വനഭൂമിയോടു ചേർന്നുകിടക്കുന്ന സ്വകാര്യസ്ഥലങ്ങൾക്ക് വനം വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിച്ചതിനുശേഷം മാത്രമേ വില്ലേജ് ആഫീസർമാർ കൈവശ സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് റവന്യൂ വകുപ്പിനെ അറിയിച്ചിട്ടുമുണ്ടെന്ന വിവരം അറിയിക്കുന്നു. ഈ കാര്യത്തിൽ ചെറുകിട കർഷകരെ ദ്രോഹിക്കുന്ന സമീപനം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)
എൻ. സുനിൽകുമാർ
അണ്ടർ സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ